## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2857 18.06.2019 -ൽ മറുപടിക്ക്**

**<u>പുതുതായി ടാർ ചെയ്ത റോഡുകൾ കുഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പുതുതായി ടാർ ചെയ്ത റോഡുകൾ കുഴിക്കുന്നതിന് സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | പുതുതായി ടാർ ചെയ്ത റോഡുകൾ ഡി.എൽ.പി. കഴിഞ്ഞു മാത്രമേ കുഴിയ്ക്കുന്നതിനു സാധാരണ ഗതിയിൽ അനുവാദം നൽകാറുള്ളൂ. എന്നാൽ ചില അത്യാവശ്യ ഘട്ടങ്ങളിൽ ഒഴിച്ചു കൂടാൻ പറ്റാത്ത അടിയന്തര സാഹചര്യം ആണെങ്കിൽ മാത്രം G.O.(Rt)No. 30/PWD/2018 dated 05.01.2018 പ്രകാരം അനുമതി നൽകാറുണ്ട്. |
| (ബി) | റോഡുകൾ പൊളിച്ച് കേബിളുകളും പൈപ്പ് ലൈനും സ്ഥാപിച്ചതിനുശേഷം കുഴി മൂടാതെ പോകുന്നതും ഭാഗികമായി മാത്രം മൂടുന്നതും നിരീക്ഷിക്കുവാനും ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ; | (ബി) | സ്വീകരിക്കും |
| (സി) | പൈപ്പ് ലൈനും കേബിളും സ്ഥാപിച്ച ശേഷം ഈ ആവശ്യത്തിലേയ്ക്കായി | (സി) | പൈപ്പ് ലൈനുകളും കേബിളുകളും സ്ഥാപിച്ച ശേഷം യൂട്ടിലിറ്റി |

പൊളിച്ച ഭാഗം റീ ടാറിംഗ് നടത്തുന്നതിന് എത്ര സമയമാണ് അനുവദിച്ചിരിക്കുന്നത്;

ഏജൻസിയുടെ പക്കൽ നിന്ന് സൈറ്റ് കൈമാറി കിട്ടിയാൽ ഉടൻ റീടാറിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ആയതിലേയ്ക്ക് നിശ്ചിത സമയം പൊതുവായി അംഗീകരിച്ചിട്ടില്ല.

(ഡി) റോഡിലൂടെ പൈപ്പ് ലൈനും കേബിളും സ്ഥാപിക്കുന്നതിനായി കുഴി എടുക്കുമ്പോൾ പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ നിരീക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(ഡി) സ്വീകരിക്കുന്നതാണ്. റോഡിലൂടെ പൈപ്പിനും കേബിളും സ്ഥാപിക്കുന്ന കുഴി എടുക്കുമ്പോൾ ആ പ്രദേശത്തെ പൊതുമരാമത്ത് വകുപ്പിന്റെ സ്റ്റാഫുകളുടെ സാന്നിദ്ധ്യവും മേൽനോട്ടവും ഉറപ്പ് വരുത്താറുണ്ട്. എന്നാൽ പൊതുമരാമത്ത് ഉദ്യോഗസ്ഥരറിയാതെ അവിദഗ്ദരായ തൊഴിലാളി കളെക്കൊണ്ട് റോഡു വെട്ടിപ്പൊളിക്കാൻ അർധരാത്രി സമയം തിരഞ്ഞെടുത്ത് Highway Protection Act, PWD Manual, Road safety Act, MoRTH Specification, CRPC, IPC എന്നിവയെല്ലാം ലംഘിച്ചാണ് വാട്ടർ അതോറിറ്റി കരാറുകാർ പലപ്പോഴും ഇതു ചെയ്യാറുള്ളത്. നടപടി എടുത്താൽ പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് എതിരാണെന്നു പറയും. നിയമം പാലിക്കാതെ PWD യെ കുറ്റപ്പെടുത്തുന്ന പ്രവണത കുറ്റം ചെയ്യുന്നവരിൽ വർധിക്കുന്നു. സർക്കാർ ഉത്തരവുകൾ പാലിച്ചു വേണം റോഡ് കുഴിക്കൽ നടത്താൻ.

**സെക്ഷൻ ഓഫീസർ**